# Siraj

# 25 July 2018

# Muvattupuzha, Heavy Rain, Flood

# കനത്തമഴ: മൂവാറ്റുപുഴ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ

**മൂവാറ്റുപുഴ:** മഴ കനത്തതോടെ മൂവാറ്റുപുഴ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങൾ വീണ്ടും വെള്ളപ്പൊക്ക ഭീഷണിയിൽ. ദിവസങ്ങളായി തുടരുന്ന മഴ വീണ്ടും ശക്തിയായതും മലങ്കര ഡാമിന്റെ ഷട്ടറുകൾ തുറന്നതുമാണ് മൂവാററുപുഴ നഗരത്തിലെ താഴ്ന്ന പ്രദേശങ്ങൾ മുഴുവൻ വെള്ളപ്പൊക്കഭീക്ഷണി ഉയർത്താൻ കാരണം. തിങ്കളാഴ്ച ഉച്ചയോടെയാണ് മലങ്കരഡാമിന്റെ 4 ഷട്ടരുകൾ തുറന്നത്. ഇതിനു പുറമെ കോതയാറിനിന്നും , കാളിയാർപുഴയിൽ നിന്നും നീരൊഴുക്കിന്റെ വരവ് വർദ്ധിച്ചതോടെയാണ് മൂവാററുപുഴയാറിൽ ജലനിരപ്പ് ഉയരാൻ കാരണം. മൂവാററുപുഴയാർ കരകവിഞ്ഞ് ഒഴുകുവാൻ തുടങ്ങിയതോടെ കടവുകളെല്ലാം തന്നെ വെള്ളത്തിനടിയിലാണ്. താഴ്ന്ന പ്രദേശങ്ങളിലെല്ലാം തന്നെ വെള്ളപ്പൊക്കഭീക്ഷണിനിലനിൽക്കുകയാണ്. കഴിഞ്ഞയാഴ്ച പെയ്ത ശക്തമായ മഴയിൽ മൂവാററുപുഴയിലെ താഴ്ന്ന പ്രദേശങ്ങളിലെല്ലാം തന്നെ വെള്ളം കയറിയിരുന്നു. ഇതേ തുടർന്ന് 330 ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിരുന്നു. വെള്ളം ഇറങ്ങിയതിനെ തുടർന്ന് വീടുകളിലേക്ക് തിരിച്ചുപോയവർ വീണ്ടും വെള്ളം കയറുമെന്ന ആശങ്കയിലാണ്. മൂവാററുപുഴയാറിൽ ജലനിരപ്പ് ഉയരാൻ തുടങ്ങിയതോടെ റവന്യൂ വകുപ്പ് , പൊലീസ്, ഫയർഫോഴ്സ് എന്നിവരുടെ സംഘം സ്ഥലത്ത് ക്യാമ്പ് ചെയ്യുകയാണ്.

ഇന്നലെ പെയ്ത കനത്തമഴയിൽ തൃക്കളത്തൂർ പനംകുറ്റിയിൽ ജോസിന്റെ വീട്ടുമുറ്റത്തു നിന്ന പുളിമരം കടപുഴകി റോഡിന് കുറുകെ വീണ് ഗതീഗതം തടസപ്പെട്ടു. വെള്ളൂർക്കുന്നം കാർത്തിക ഭവനിൽ ചന്ദ്രമതി അമ്മയുടെ വീടിന്റെ മുൻവശത്തുള്ള മതിൽ ഇടിഞ്ഞു വീണ് എൻ.എസ്.എസ് സ്ക്കൂളിലേക്കുള്ള വഴി തടസപ്പെട്ടു. സമീപത്തു നിന്ന അപകാടാവസ്ഥയിൽ നിന്ന തെങ്ങും നീക്കം ചെയ്തു. സൗത്ത് പിറമാടം മേപ്പറമ്പത്ത് എം.യു. അബ്രാഹാമിന്റെ പറമ്പിൽ നിന്ന മരം റോഡിലേക്ക് വീണ് ഗതാഗതം തടസ്സപ്പെട്ടു. മൂവാററുപുഴ ഫയർ ഓഫീസർ ജോൺ ജി. പ്ലാക്കിലിന്റെ നേതൃത്വത്തിലുള്ള സംഘം സ്ഥലത്തെത്തി മരങ്ങൾ മുറിച്ചുമാറ്റിയ ശേമാണ് ഗതാഗതം പുനസ്ഥാപിച്ചത്.



മൂവാറ്റുപുഴയാറിൽ വീണ്ടും ജല നിരപ്പ് ഉയർന്നപ്പോൾ